# ഗവ: ടെക്നിക്കൽ ഹൈസ്കൂൾ കൃഷ്ണപുരം

## *2019-2020*





ക്യാമറ:
മുഹമ്മദ് ആഷിഖ്
**9B**

GOVT. TECHNICAL HIGH SCHOOL
KRISHNAPURAM
ഗവ:ടെക്നിക്കൽ ഹൈസ്കൂൾ

# ആമുഖം

## ലിറ്റിൽ കൈറ്റ്സ് ഗവ: ടെക്നിക്കൽ ഹൈസ്കൂൾ കൃഷ്ണപുരം യൂണിറ്റ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

# സമർപ്പണം

ഈ കലാലയകാലയളവ്
പാഠപുസ്തകത്താളുകളിൽ ഒതുക്കാതെ
ജീവിതത്തിന്റെ ആദ്യാക്ഷരങ്ങൾ
കാട്ടിതന്ന്
ലോകം എന്താണെന്ന് പഠിപ്പിച്ച
സ്നേഹനിധികളായ
പ്രിയ ഗുരുക്കന്മാർക്ക്
സമർപ്പിക്കുന്നു.................

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്



# ഡിജിറ്റൽ മാഗസിൻ
# 2019-2020

## - ഒരു ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

# എഡിറ്റോറിയൽ

ഗുരുക്കന്മാരെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുക.അവരുടെ ഒരോ ശാസനയും,ശിക്ഷയും അവർക്ക് നമ്മുടെമേലുള്ള കരുതലാണ്. അത് ഇന്ന് നമ്മളെ വേദനിപ്പിച്ചേക്കാം..................
എന്നാൽ
ഭാവിയിൽ അത് നമുക്ക് മധുരമ്മുള്ള ഒരോർമ്മയാണ്..............................



ലിറ്റിൽകൈറ്റസിനു വേണ്ടി

സ്നേഹപൂർവം

എഡിറ്റർ അഭിഷേക്.ജെ

9B

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

GOVT. TECHNICAL HIGH SCHOOL
KRISHNAPURAM
ഗവ:ടെക്നിക്കൽ ഹൈസ്കൂൾ

| ഉള്ളടക്കം | | പേജ് നം: |
|---|---|---|
| തോരാത്ത കണ്ണുനീർ | - | 7 |
| അനാഥർ | - | 8 |
| അനാഥത്വത്തിന്റെ അന്ധത | - | 11 |
| കരുണ | - | 14 |
| മഴയുടെ പ്രതീക്ഷ | - | 17 |
| ഒറ്റപ്പെട്ടവൻ | - | 19 |
| ദയ | - | 26 |
| തനിയെ | - | 30 |
| എന്റെ സ്കൂളിലെ കൂട്ടുകാർ | - | 32 |
| വേനൽക്കാലം | - | 33 |
| പെയ്യൊഴിയാത്ത കണ്ണീർ | - | 36 |
| ഏകാന്തത | - | 38 |
| ബാല്യത്തിന്റെ ഓർമ്മപ്പെടുത്തൽ | - | 39 |
| മഴയുടെ പ്രതീക്ഷയിൽ ഞാൻ | - | 46 |
| മഴയെൻ മിഴിയിൽ | - | 47 |
| മിടുക്കൻ | - | 49 |
| വര | - | 51... |
| നന്ദി | - | 62 |

ഡിജിറ്റൽ മാഗസിൻ ലിറ്റിൽ കൈറ്റ്സ്

# തോരാത്ത കണ്ണുനീർ

തോരാത്ത കണ്ണുനീരുമായി ഇന്ന് അവൻ......
സൂര്യനെ മറക്കുന്നതുപോലെ അവന്റെ അമ്മയെ കാലം മറച്ചു........

സ്കൂളിലേക്ക് യാത്രചൊല്ലി വിട്ടയച്ചമ്മ....
തിരിച്ച ഏത്തിയ അവൻ കണ്ടന്നത് വെള്ളയിൽപൊതിഞ്ഞു
ചലനമറ്റ്കിടക്കുന്ന അവന്റെ അമ്മയെയാണ്

അമ്മേ എന്ന് ഉറക്കെ വിളിക്കാൻ പോലും ആകാതെ
അവന്റെ ഇടനെഞ്ച് തകർന്നു പോകുന്നത് ഞാൻ കണ്ടു.......
ഒരു വാക്കും പറയാതെ അവന്റെ അമ്മ അവനെ വിട്ടു എവിടെക്കോ മറഞ്ഞു

എന്റെ അമ്മയ്ക്ക് എന്തുപറ്റി എന്നു ചോദിച്ച്
ചോദ്യം ഇന്നും ഞാൻ ഓർക്കുന്നു
അവന്റെ അമ്മ തിരിച്ച് വരുമെന്ന പ്രതീക്ഷയോടെ
ഇന്നും അവൻ കാത്തിരിക്കുന്നു.



ആദിത്യൻ.ബി
8A

# അനാഥർ




അനാഥർ കഥ ആരംഭിക്കുന്നത് നമ്മുടെ ഈ കൊച്ചു കേരളത്തിലെ ആലപ്പുഴയിലാണ് . അവിടെ രണ്ട് കൊച്ചു കുട്ടികളെ

അനാഥാലയത്തിൽ ഉപേക്ഷിച്ചു
പോവുകയാണ്
ഈ അമ്മ . അവർ വളരെ
സങ്കടത്തിലാണ്. ഈ മക്കളെ
ഇവിടെ ഉപേക്ഷിച്ചു പോകാൻ
കാരണം,അവരുടെ ഭർത്താവ്
കുറച്ച് കാലം മുമ്പ് ഒരു കാറപകടത്തിൽ
മരിച്ചു. ആ അമ്മയുടെ
പേര് ശാന്ത എന്നായിരുന്നു.
അവർ തന്റെ സ്വന്തം മക്കളെ ഉപേക്ഷിച്ചു
പോവുകയാണ്.തന്റെ മക്കൾ എങ്കിലും
ഈ കഷ്ടപ്പാടിൽ നിന്ന്
രക്ഷപ്പെട്ടോട്ടേന്ന് കരുതി.പിറ്റേ ദിവസം
രാവിലെ ആ
അനാഥാലയത്തിലെ ഒരു അച്ചൻ ആ
കുഞ്ഞുങ്ങളെ എടുത്തു.

ആ അനാഥാലയത്തിൽ വളർ
ത്തി.അവർക്ക്
പേരും നൽകി അരുണെന്നും അർ
ജ്ജുനെന്നും.
അവർ
വളർന്ന ശേഷം അവരുടെ
അമ്മയെത്തിരക്കിപ്പോയി.
വഴിയോരത്ത്
ഭിക്ഷാടനം നടത്തുന്ന അവരുടെ
അമ്മയെ കണ്ടെത്തി. പിന്നീട്
അവർ
ഒന്നിച്ച് ജീവിച്ചു.



GOVT. TECHNICAL HIGH SCHOOL
KRISHNAPURAM
ഗവ:ടെക്നിക്കൽ ഹൈസ്കൂൾ

ഫർഹാൻ നിഹാസ്
10 എ

# അനാഥത്വത്തിന്റെ അന്ധത

ലീല ചെവിയോർത്തു . നാഗപ്പത്തിയിലൂടെ കുലംകുത്തി വീഴുന്നതിന്റെ ഇരമ്പൽ . മുറ്റത്ത് ഒരു വണ്ടി വന്ന് നിൽക്കുന്ന ശബ്ദം അവൾ കേട്ടു . 'ഓ അനാഥാലയത്തിൽ ഇന്ന് അതിഥികൾ ഉണ്ടെന്ന് തോന്നുന്നു' . ഞാൻ രാവിലെ ഭക്ഷണം കഴിച്ചിട്ടില്ല , ഊട്ടുപുര വരെ നനഞ്ഞ് പോകാനും ആവില്ല . മഴയിങ്ങനെ തുടർന്നാൽ രാവിലത്തെ ഭക്ഷണത്തിന്റെ കാര്യത്തിൽ തീർപ്പായി . പെട്ടെന്ന് ആരോ തന്റെ കയ്യിൽ വന്നു പിടിക്കുന്നു. "വാ ലീലേ ഒരു അതിഥി വന്നിട്ടുണ്ട് ഞാൻ നിന്നെ മുറിയിൽ



ആക്കാം". നിനക്ക് കണ്ണ് കാണില്ലല്ലോ ,
സുമതിയാണെന്നു തോന്നുന്നു . അവൾ ലീലയെ
വരാന്തയിൽ കൈ പിടിപ്പിച്ചിട്ട് ഓടിപ്പോയി . ഇതിനുമുമ്പും
ഒരതിഥി വന്നിരുന്നു . അവർ അന്ന് ഒരുപാട് വസ്ത്രങ്ങളും
കളിപ്പാട്ടങ്ങളും കൊണ്ടു വന്നിരുന്നു . പെട്ടെന്ന് അങ്ങോട്ട്
പോകണം ആര് വന്നാലും തന്നെ നിർത്തണമെന്ന്
സിസ്റ്റർ ആന്റി പറഞ്ഞിട്ടുണ്ട് . ലീല തപ്പിതടഞ്ഞ്
അവരുടെ മുറിയിലേക്ക് പോയി . വന്ന അതിഥി അവർ-
ക്കെല്ലാവർക്കും പുത്തൻ വസ്ത്രങ്ങളും നൽകി , എല്ലാവരും
അവരുടെ കിടപ്പുമുറിയിലേക്കു പോയി അവിടെ
അവരവരുടെ പുത്തൻ കോടി പെട്ടിയിൽ ഭദ്രമായി
വയ്ക്കുന്നു .     അവർ എല്ലാവരും പച്ച മഞ്ഞ എന്നൊക്കെ
പറയുന്നതു കേട്ടു ഇതെല്ലാം എന്താണെന്നോ ,
സൗന്ദര്യം എന്താണെന്നോ തനിക്ക് അറിയില്ല . അടിച്ച്
നനച്ചു കുളിച്ചതിനു ശേഷം മാറാൻ ഒരു തുണി

എന്നല്ലാതെ മറ്റൊന്നും തോന്നിയില്ല . അവർ പറഞ്ഞു ആ അമ്മയുടെ കൂടെ അവരുടെ കൊച്ചു മകളും വന്നിട്ടുണ്ട് . കാണാൻ നല്ല ഭംഗിയാ . പെട്ടെന്ന് ലീലയെ ഓഫിസിലേക്ക് വിളിപ്പിച്ചു . അവർ അവിടെ ലീലയെ കാത്തിരിപ്പുണ്ടായിരുന്നു ." അവളെ അവർ ഏറ്റെടുത്തു . അങ്ങനെ ലീല അവരോടൊപ്പം പോയി . നമ്മുടെ എല്ലാ സൗഭാഗ്യങ്ങളിൽ നിന്നും സ്വാതന്ത്ര്യത്തിൽ നിന്നും അവർ ഒറ്റപ്പെടുന്നു . അവരെ സ്നേഹിക്കുക , സഹായിക്കുക , ഒരു നല്ല പ്രവൃത്തിമതി പത്ത് തിന്മക്കെതിരായി .



അൻഷാദ് പി

10 എ

# കരുണ



അനശ്വരമായൊരു മനുഷ്യന്റെ
മനസ്സിൽ മറ്റൊരുവനോട്ട
തോന്നുന്നൊരു നിർവചനീയമാം
സ്നേഹമാകുന്ന കരുണ

ആത്മാവിൻ പുസ്തകത്താളു-
കളാൽ കുറിച്ചിട്ട ദൈവത്തിൻ
മഹനീയ വാക്കുകൾ തൻ കൂട്ട-

ത്തിലൊന്നാണിത് കരുണ

വേദനകൾ ഏറ്റുവാങ്ങുന്ന
മനസ്സുകൾക്ക് മുന്നിൽ
കരുണയാം സ്നേഹമേ നീ
പുതുലോകങ്ങൾ തുറക്കുന്നു.

മനസ്സിന്റെ ഉള്ളറ തൻ ആഴ-
ക്കടലിലേക്ക് ചൂഴ്ന്നിറങ്ങുന്ന

സ്നേഹത്തിൻ മുള്ള-
പോലൊന്നിത് കരുണ
ആരോടെന്നില്ലാതെ എൻ
മനസ്സിൻ ഉൾ നാമ്പിൽ നിന്നും
തളിർത്തു വരുന്നൊരു പൂവൻ
നാമ്പ്പോലൊരു കരുണ

സ്നേഹമാകുന്ന ചരടിൽ
കൂട്ടിപ്പിണഞ്ഞ് കിടക്ക-

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

ന്ന സ്നേഹിതർ തൻ അനു-
ഭവമുള്ള പാഠമിത് കരുണ

ജീവിതത്തിൻ ആത്മീയ തലങ്ങ-
ളിൽ വേണ്ടുന്ന സ്നേഹമാം
സഹായത്തിൻ രൂപമാകുന്നു
മനസ്സിന്റെ നന്മയാം കരുണ

നിറമാർന്ന വർണ്ണം തൻ
അഴകാർന്ന കാന്തിയിൽ ചൊരി-
യുന്ന രശ്മികൾ പോൽ പടര-
ട്ടെ നമ്മൾ തൻ കരുണ

മനസ്സിന്റെ ആരണ്യ പൂഞ്ചോലകൾ
തന്നിലേക്ക്
ഒഴുകുന്നനദിപോൽ
ഒരിക്കലും
അവസാനിക്കാത്ത-
തൊന്നിതായി മാറട്ടെ കരുണ.



**ആരതി.എസ്**
**10A**

# മഴയുടെ പ്രതീക്ഷ..........

മഴയെ പ്രതീക്ഷിച്ച ഞാനീ-
മരുഭൂമി നടുവിൽ കിടന്നു വലയുന്നു.
വെന്തുരുകുന്നോരു മണൽക്കുനയിൽ
ഒരു മഴയ്ക്കു വേണ്ടി ഞാൻ കേഴുന്നു.
എനിക്ക് മുൻപേ നടന്നകന്നോരും
എന്റെ പ്രതീക്ഷകളെ സ്മരിക്കുന്നു.
എന്റ് ജീവിതത്തിലെ പ്രതീക്ഷകെല്ലാം
അസ്തമിക്കുന്നു....
ചൂടിന് ദൈർഘ്യം ഏറുന്നു..........
മഴയില്ലാത്ത ലോകം നരക തുല്യം



മഴയെ നിന്നെ ഞാൻ പ്രതീക്ഷിക്കുന്നു.
മഴയെ പ്രതീക്ഷിച്ച ഞാനീ-
മരുഭൂമി നടുവിൽ കിടന്നു വലയുന്നു .

**അഭിഷേക്.ജെ**

**9B**

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

# ഒറ്റപ്പെട്ടവൻ...!

അന്ന് ഞാൻ നാലാം ക്ലാസ്സിൽ
പഠിക്കുമ്പോൾ അവരോട് എന്നെ കുറിച്ച്
ചോദിച്ചു. പക്ഷെ ഒന്നും പറഞ്ഞില്ല.
അവിടുത്തെ കന്യാസ്ത്രീമാർ എന്നെ
കുറിച്ചു ചോദിക്കുന്ന എല്ലാ ചോദ്യത്തിനും
അവർ തല കുനിക്കുമായിരുന്നു.അവിടെ
ഉള്ള ഏറ്റവും മൂത്ത കന്യാസ്ത്രീയായ
സിസ്റ്റർ അൽഫോൺസ ആയിരുന്നു

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

എനിക്കെല്ലാം.ഒരു മകനെ പോലെയാണ്
അവർ എന്നെ കാണുന്നത്.എല്ലാ
സിസ്റ്റർമാരും എന്നെ താലോലിച്ചാണ്
വളർത്തിയത്.എന്നെ സ്കൂളിൽ ചേർത്തതും
പഠിക്കാൻ വിട്ടതും എല്ലാം അവർ
ആയിരുന്നു
ഒരു ദിവസം ഞാൻ സിസ്റ്റർ അൽഫോൺ
സയോട് എന്നെ കുറിച്ച് ചോദിച്ചു.അപ്പോൾ
പറഞ്ഞു"എന്നായാലും നീ ഇത്
അറിയേണ്ടതല്ലെ..... ഞാൻ പറയാം.."

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

"2002 ലെ ഒരു രാത്രിയിൽ

ഞങ്ങൾ സിസ്റ്റർമാർ എല്ലാം

പ്രാർഥനകഴിഞ്ഞ്

റൂമിലേക്ക് മടങ്ങുമ്പോൾ ഒരു കുഞ്ഞിൻ്റെ

കരച്ചിൽ......

കരച്ചിൽ കേട്ട് ഞങ്ങൾ

ചെന്ന് നോക്കിയപ്പോൾ ഒരു വെള്ള

തുണിയിൽ ഒരു പിങ്ക് കുഞ്ഞ്..."

ഇത്രയും കേട്ടപ്പോഴേ

എൻ്റേയും സിസ്റ്ററുടേയും കണ്ണുകൾ

നിറഞ്ഞു.എന്നെ കുറിച്ച്

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

ഒത്തിരി അന്വേഷണങ്ങൾ നടത്തിയിട്ടും

എന്റെ അമ്മയെക്കുറിച്ചോ

അച്ഛനെക്കുറിച്ചോ ഒന്നും സിസ്റ്റർമാർക്ക്

അറിയാൻ സാധിച്ചില്ല.പിന്നെ ഞാനും

അവരെപ്പറ്റി അന്വേഷിച്ചില്ല.ഈ കന്യാസ്ത്രി

മഠം ആണ് എന്റെ ലോകം.ഞാൻ സ്കൂളിൽ

പോകുമ്പോഴും കളിക്കാൻ പോകുമ്പോഴും

മറ്റുള്ള കുട്ടികളുടെയും കൂട്ടുകാരുടെയും

അച്ഛനും അമ്മയും അവരെ കൊണ്ടുവിടാനു

കൂട്ടികൊണ്ട് പോകുവാനും വരുമ്പോൾ

അവരുടെ സ്നേഹം കാണുമ്പോൾ എന്റെ

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

കണ്ണു നിറയും.അന്ന് ഞാനും ഒന്ന്

ചിന്തിക്കും എന്നെ ഇതുപോലെ

താലോലിയ്ക്കാൻ മറ്റാരും ഇല്ലല്ലോ

എന്ന്.കന്യാസ്ത്രീമാർ സ്നേഹിച്ചാലും

അച്ഛനും അമ്മയും തരുന്ന വാത്സല്യം

എനിക്ക് കിട്ടില്ലല്ലോ.

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

2002 ൽ ഒരു ഡിസംബർ

മാസമാണ് എന്നെ ഇവിടുള്ള

കന്യാസ്ത്രിമാർക്ക് കിട്ടിയത്.അന്ന് കിട്ടിയത്

കൊണ്ട് അവർ എന്നെ ഈശോ എന്ന

വിളിപ്പേര് എനിക്ക് നൽകി.അവിടെ എന്നെ

പോലെ ഞാൻ മാത്രമേ

ഉണ്ടായിരുന്നുള്ളു.എന്റെ ജാതിയേതാണ്

മതമേതാണ് എന്നൊന്നും അറിയില്ല

എന്നാലും ക്രിസ്തുമതത്തിൽ ഞാൻ

വിശ്വസിക്കുന്നു. ഞാൻ

കളിച്ചുവളർന്നതുതന്നെ ഒരു

കന്യാസ്ത്രീമഠത്തിലാണ്.ഞാൻ ഇപ്പോഴും

എപ്പോഴും ഇവിടെ

സന്തുഷ്ടനാണ്.കാരണം എന്റെ ഒരു

ആഗ്രഹങ്ങൾക്കും ഇവിടെ ആരും എതിര്

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

നിൽക്കാറില്ല.എന്നെ പഠിപ്പിക്കാനും
വളർത്താനും ഇവിടെ എല്ലാവർക്കും
ആഗ്രഹമാണ്.എന്നെങ്കിലും എന്നെ
കൊണ്ട്പോകാൻ എന്റെ അച്ഛനും അമ്മയും
വരും എന്ന ആഗ്രഹത്തോടെ ഞാൻ ഇന്നും
ഇവിടെ കഴിയുന്നു..............!

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

***കൈലാസ് ബിജു***
***10 ബി***

# ദയ



ഞാൻ ഒരു തെറ്റ് ചെയ്തു പോയ്

അത് ഞാൻ തിരിച്ചറിഞ്ഞു

എന്നിൽ നിൻ കരുണ നിറഞ്ഞ -

തിനാൽ കാരുണ്യവാനായിനിറഞ്ഞു

ഒരു ദിവസം നിൻ മുന്നിൽ
എൻ കൃപ അർപ്പിച്ചിടുന്നു
എൻ കാരുണ്യ നിധിയോ
നീ എൻ സ്നേഹനിധിയേ.....

ഒരു നാൾ ഒരു ഭിക്ഷാടകനോട്
എനിക്ക് തോന്നിയത് ദയ
അത് എന്നിൽ നിറഞ്ഞിരിക്കുന്നു
കരുണ ചൊരിയും എൻ ഈശ്വരാ.....
എന്നിൽ നിറഞ്ഞ ദൈവമേ.....
കരുണ നിറയും നിൻ നിഴൽ
എന്നിൽ എന്നും നിറയണം

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

എൻ മുന്നിൽ നിന്നു നീ
തിളങ്ങണം , അനുഗ്രഹം ചൊരിയണം

നീ എന്നിൽ ചൊരിഞ്ഞ കരുണ
ഞാൻ മറ്റുള്ളവർക്ക് പകർന്നു നൽകീടും
എൻ കാരുണ്യ നിധിയേ.....
ഞാൻ കാരുണ്യവാനായി നിറഞ്ഞിരിക്കുന്നു

എൻ സ്നേഹം , ഞാൻ
എന്നിൽ നിറഞ്ഞൊരു പുഴയായി
അതിൽ നീയും കടലായി
എൻ ഹൃദയനാദമായി നീ

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

ഞാൻ പാടും പാട്ടായി

ഞാൻ നിൽക്കും നിഴലായി

എന്നിൽ ചൊരിയും ഐശ്വര്യവും

നിൻ കാരുണ്യത്താൽ എൻ

മനസ്സും നീ നിറഞ്ഞു നിൽക്കുന്നു

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്



അംബുജം പി

10:B

# തനിയെ...



ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

**ഒറ്റയ്ക്കിരിക്കുമ്പോൾ തോന്നുന്ന വൈഷമ്യം,**
**കൂട്ടത്തിലാകുമ്പോൾ സന്തോഷമാകുന്നു**
**ഏകമാകുമ്പോളുള്ള സുഖം**
**ഞാനറിയാത്ത ദിവസങ്ങളില്ലതാനും**
**പ്രപഞ്ചസത്യത്തെ ഭേദിക്കുമ്പോൾ;**
**അവിടെയും അന്ധകാരത്തിന്റെ സുഖം**
**ആപത്തിൽ സഹായിക്കും തൻ സുഹൃത്ത്**

തൻ ഹൃത്തിൽ ഒരംഗമായി തീരുന്ന
തനിയെ നടക്കുമ്പോൾ കൂട്ടിനൊരാളായി;
എൻ കൈചേർത്തു നടക്കുന്ന എൻ കൂട്ടുകാരി
ഒരു ദിനം ഹൃദയം നിലയ്ക്കും സമയം,
നമ്മെ തള്ളിപറയും നമ്മുടെ കുടുംബക്കാർ
സുഹൃത്തിന്റെയും കൂട്ടുകാരിയുടെയും ചതിയറിയുമ്പോൾ;
എൻ സ്വന്തം ലോകമേകമായിത്തീരുന്ന
എല്ലാം നഷ്ട്പ്പെട്ട് ഞാൻ;
നാളെ ജീവിച്ചുതീരുന്ന തനിയെ, തനിയെ,
തനിയെ...



മിഥുൻ രമേശ്
9A

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

# എന്റെ സ്കൂളിലെ കൂട്ടുകാർ



ഞാൻ ആദ്യമായി സ്കൂളിൽ എത്തിയപ്പോൾ എല്ലാവരും കൂട്ടുകൂടി ഇരിക്കുന്നു. ഞാൻ മാത്രം ഒറ്റയ്ക്ക്. ഞാൻ ഏറ്റവും പിന്നിൽ പോയിരുന്നു.അവിടെ ഇരുന്നുകൊണ്ട് ഞാൻ എന്റെ പഴയ വിദ്യാലയത്തെപ്പറ്റി ഓർമ്മിച്ചു. കൂട്ടുകാരെപ്പോലുള്ള അദ്ധ്യാപകർ,എന്തിനും ഏതിനും കൂടെ നിൽക്കുന്ന കൂട്ടുകാർ അവരെയെല്ലാം പിരിഞ്ഞ്

ഇതാ പുതിയ ഒരു വിദ്യാലയത്തിലേക്ക്. രണ്ടാം ദിവസം ടീച്ചർ എന്നെ പിടിച്ച് മുന്നിലിരുത്തി. അവിടെനിന്ന് എനിക്ക് കൂട്ടുകാരെ കിട്ടി. എവിടെയും ഞങ്ങൾ ഒരുമിച്ചായിരുന്നു.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഞങ്ങൾ അടിയിടാൻ തുടങ്ങി.പരസ്പ്പരം കളിയാക്കാനും തുടങ്ങി. ഓണപ്പരീക്ഷ കഴിഞ്ഞപ്പോഴേക്കും ഞാൻ എല്ലാവരുമായി പരിചയപ്പെട്ടു,പക്ഷെ അവിടെനിന്ന് എന്നെ മനസ്സിലാക്കുന്ന ഒരു കൂട്ടുകാരനെ കിട്ടിയില്ല. ഇവയെല്ലാം മനസ്സിൽ വെച്ചുകൊണ്ട് ഞാൻ ഇന്നും സ്കൂളിലേക്ക്പോകുന്നു.............

ആദിത്യൻ

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

# വേനൽക്കാലം



ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

**വേനലിലേതോ കിളിയുടെ നാദം കേട്ടു..**

**മഴവരുമെന്നത് വെറുതേ ചൊല്ലിയതാരോ**

**കാറ്റോ....പച്ചവിരിച്ചോരു വയലുകളും**

**ഉണങ്ങിവരണ്ടതുകണ്ടോ......**

**നാടിൻ വിശപ്പുമാറ്റും മക്കൾ**

**ജീവനകറ്റിയകണ്ടോ.....**

**ദാഹമകറ്റാൻകിളികളെല്ലാം**

**തപസ്സിരിക്കണകണ്ണുകണ്ടോ......**

**തപസ്സിരിക്കണകണ്ണുകണ്ടോ.....**

**അജയ് എ കുമാർ**

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്




**അജയ് എ കുമാർ**

–

GOVT. TECHNICAL HIGH SCHOOL
KRISHNAPURAM
ഗവ:ടെക്നിക്കൽ ഹൈസ്കൂൾ

# പെയ്തൊഴിയാത്ത കണ്ണീർ



**ക്രൂരതതൻ കരി നിഴൽ**
**നിന്റെ മേൽ പതിച്ചപ്പോൾ**
**നീ വാവിട്ട് കരഞ്ഞതറിയാതെ**
**പോകുന്നൊരു ആൾക്കൂട്ടം.**
**അവരുടെ തിരക്കുകളിൽ**
**അവർ ഊളിയിട്ട് നീങ്ങുന്നു**
**നിന്റെ മാനത്തിന്റ വില-**
**മനസ്സിലാക്കാതെ പോകുന്നു**
**ഈ ആൾക്കൂട്ടം.**
**നിന്റെ ബാക്കിപത്രമാകുന്നു**

ഈ നാട്ടിലുള്ള നിന്റെ മറ്റ്
സഹോദരിമാർ.
നെഞ്ച് തകർന്ന് വിലപിക്കുന്ന നിന്റെ മാതാവ്.

നിന്റെ സഹോദരങ്ങൾ
നിന്നെ ഓർത്ത് വിലപിക്കുന്ന
കാലത്തിന്റെ ക്രൂരതയിൽ
നീയും ഒരു ഇര.



**അഭിഷേക്.ജെ**
**9B**

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

# ഏകാന്തത

നിന്റെ വരവ് മുന്നറിയിപ്പില്ലാതെയായിരുന്നു.
പലപ്പോഴും ഇഷ്ടമില്ലാതെ നിന്നെ വരവേറ്റു
പിന്നെപ്പിന്നെ നിന്നെ ഞാൻ ഇഷ്ടപ്പെട്ടു തുടങ്ങി
നീ അരികിൽ ഉള്ളപ്പോൾ
പഴയ ഓർമ്മച്ചിത്രങ്ങൾക്ക്
തെളിവ് കൂടുന്നു.
അവയുടെ കയ്പ്പും മധുരവും,
വിരസമായ പകലുകളെക്കാൾ
നിന്റെ സാമീപ്യം ഞാനിഷ്ടപ്പെട്ടത്
മരിക്കുന്ന സന്ധ്യകളായിരുന്നു
അവയ്ക്കപ്പുറം എന്നെ മൂടുന്ന
ഇരുട്ടിൽ നീ എനിക്ക് ഏറ്റവും
പ്രിയപ്പെട്ടവനായി.

ധ്വനി ലിറ്റിൽ കൈറ്റ്സ്



**അൽ-സാബിത്ത് ബിൻ ഷഫീർ**
**9A**

# ബാല്യത്തിന്റെ ഓർമ്മപ്പെടുത്തൽ

ഒരു സാധാരണ കുടുംബത്തിലായിരുന്നു ഞാൻ ജനിച്ചത്.അച്ഛനും അമ്മയ്ക്കും ആകയുള്ള ഒരു മകൾ ആയിരുന്നു ഞാൻ. ഒരിക്കൽ സ്കൂളിൽ നിന്നും വീട്ടിൽ എത്തിയപ്പോൾ വീടും പരിസരവും മുഴുവൻ ആളുകളാൽ നിറഞ്ഞിരുന്നു.എല്ലാവരുടെയും സഹതാപം നിറഞ്ഞ നോട്ടങ്ങൾ.അത് എന്നിൽ വല്ലാതെ ബുദ്ധിമുട്ട-

ണ്ടാക്കിയിരുന്നു.അപ്പുറത്തെ വീട്ടിലെലീന അമ്മായി എന്നെ കൊണ്ടുപോയി.എല്ലാവരുടേയും നോട്ടവും സംസാരവും കേട്ടപോൾ തന്നെ എനിക്ക് വല്ലാത്ത ഭീതി തോന്നിയിരുന്നു.എങ്കിലും ഞാൻ ലീന അമ്മായിയോട് ചോദിച്ചു "എന്തുപറ്റി" ഒരിക്കലും ഞാൻ കേൾക്കരുതെന്ന് പ്രതീക്ഷിച്ച വാക്കുകളാണ് എന്നെ തേടിവന്നത്.

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

"അച്ഛനും അമ്മയും ഒരു അപകടം പറ്റിയിരിക്കുന്നു.അനുമോൾ പേടിക്കേണ്ട.അവരെ ഇപ്പോൾകൊണ്ടുവരും" എന്ന് അമ്മായി പറഞ്ഞു.ഒരു പന്ത്രണ്ട് വയസുകാരി എന്ന നിലയിൽ എനിക്ക് മനസ്സിലായിരുന്നു അവർ എന്നെ വിട്ട് വേർപിരിഞ്ഞുവെന്ന്.അവർ രണ്ടുപേരും എന്നെ തനിച്ചാക്കി മറ്റൊരുലോകത്തേക്ക് യാത്രയായി.

അവരുടെ വിയോഗം എന്നിൽ വലിയൊരു ശൂന്യതയാണ് സൃഷ്ടിച്ചത്.ആദ്യമൊക്കെ എനിക്ക് അവർ ഇല്ലായെന്ന് ഉൾക്കൊള്ളാൻ വളരെ പ്രയാസമായിരുന്നു.പിന്നെ ക്രമേണ ഞാൻ

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

അതുമായി പൊരുത്തപ്പെട്ടു.ഒരു പെൺകുട്ടി ആയതുകൊണ്ടും വളർന്നു വരുമ്പോൾ ഞാൻ അവർക്കും ബാധ്യതയാകുമെന്നു കരുതിയതു കൊണ്ടുമായിരിക്കണം എന്റെ

ബന്ധുക്കൾ ആരും തന്നെ എന്നെ ഏറ്റെടുക്കാൻ തയ്യാറാകാഞ്ഞത്. അച്ഛനും അമ്മയും ഉള്ളപ്പോൾ ഞങ്ങളുമായി സഹരിച്ചവരെല്ലാം അവരുടെ വിയോഗത്തിനു ശേഷം എന്നെ തിരിഞ്ഞു നോക്കിയില്ല.

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്



**പഠിക്കാൻ പോകാൻ പണമില്ലാത്തതിനാലും ആരുടെയും സഹായമില്ലാത്തതിനാലും തുടർന്ന് പഠിക്കാൻ എനിക്ക് സാധിച്ചില്ല. അങ്ങനെ പന്ത്രണ്ടാമത്തെ വയസ്സിൽ അനാഥമാക്കപ്പെട്ട ബാല്യമായിരുന്നു എന്റേത്. അച്ഛന്റെ ഒരു**

ധ്വനി മാഗസിൻ

**സുഹൃത്തായിരുന്ന ബിന്ദുമാമൻ വഴി എന്നെ ഒരു അനാഥമന്ദിരത്തിൽ ചേർത്തു.എല്ലാ സുഖസൗ-കര്യങ്ങളോടുംകൂടി ജീവിച്ചിരുന്ന എനിക്ക് ഇങ്ങനൊരു അവസ്ഥ വരുമെന്ന് കരുതിയിരുന്നില്ല. എല്ലാം എന്റെ വിധിയെന്നു ഞാൻ കരുതി. ആരും സ്വീകരിക്കാൻ തയ്യാറാകാതെയിരുന്ന എന്നെ ബിന്ദുമാമൻ കൊണ്ടുപോയി അവിടെ ചേർത്തു എനിക്ക് വളരെ വലിയൊരു സഹായം തന്നെ ആയിരുന്നു.ഇതെല്ലാം കണ്ടപ്പോൾ എനിക്ക് ലോകം എന്താണെന്ന് മനസ്സിലായി അവനവന്റെ സ്വാർത്ഥ താൽപര്യങ്ങൾക്ക് വേണ്ടി ഓടിക്കൊണ്ടിരിക്കുന്ന ലോകത്ത്**

**അനാഥർക്ക് ഒരു വിലയുമില്ല.അതുകൊണ്ട് തന്നെ ഞാൻ മത്സരിച്ച് പഠിച്ചു.നല്ലൊരു ജോലി വാങ്ങി ആരെയും ആശ്രയിക്കാതെ ജീവിച്ചു.**

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

# മഴയുടെ പ്രതീക്ഷ

മഴയെ പ്രതീക്ഷിച്ച ഞാനീ-
മരുഭൂമി നടുവിൽ കിടന്നു വലയുന്നു.
വെന്തുരുകുന്നൊരാ മണൽക്കുനയിൽ
ഒരു മഴയ്ക്ക വേണ്ടി ഞാൻ കേഴുന്നു.
എനിക്ക് മുൻപേ നടന്നകന്നോരും
എന്റെ പ്രതീക്ഷകളെ സ്മരിക്കുന്നു.
എന്റ ജീവിതത്തിലെ പ്രതീക്ഷകളെല്ലാം
അസ്തമിക്കുന്നു...........
ചൂടിന് ദൈർഘ്യം ഏറുന്നു..........
മഴയില്ലാത്ത ലോകം നരക തുല്യം
മഴയെ നിന്നെ ഞാൻ പ്രതീക്ഷിക്കുന്നു.
മഴയെ പ്രതീക്ഷിച്ച ഞാനീ-
മരുഭൂമി നടുവിൽ കിടന്നു വലയുന്നു.

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

# മഴയെൻ മിഴിയിൽ..



മഴയിൽ ഈ മഴയിൽ
കാണുമീ രാവ്.
മിഴിയിൽ ഈ മിഴിയിൽ
വിരിയുമീ മഴവില്ല്...
കാത്തിരുന്നു ഞാനീ
മഴപിറാവ് കണക്കെ.

കൂട്ടിരുന്നു ഞാനീ
മഴക്കൂടിനുള്ളിൽ ...
കാത്തു വച്ചു ഞാനീ
മഴക്കിനാവുകളൊക്കെ.
തോരാതെ നിൽക്കുമീ
മഴയെൻ മിഴിയിൽ...

ഉള്ളിനുള്ളിൽ നീ
ഈറൻ മേഘമായ്പ്പെയ്തൊളിച്ചു നീ
എൻ മിഴികളിൽ രാവിൻ നെഞ്ചിലെ
ഈ മിഴിത്തുള്ളികളിൽആരു കാത്തുവച്ച
നിഴൽ ദൂരങ്ങൾ മൗന നിമിഷങ്ങളിലെന്നിലെ
ആഴിത്തിരമാല കണ്ടുവോ നീ
നിറമായി സ്വരമായി
കനവായി കാറ്റായി
മൗനങ്ങൾ തോറും
ഇന്നെന്റെ ജന്മം

നിറയും ഈ മിഴിയിൽ നീ
തിരികെ വാ വിടരുവാനായി,
ഉണരുമീ ഇരവിനു മേലേ
കണ്ണീരും കാറ്റിൽ മെല്ലെ മെല്ലെ ....

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

പിടയുമീ ഉള്ളിൽന
പ്രണയമുതിരുമോ ഹൃദയ ദൂരങ്ങളിൽ,
കിനാവും കാറ്റിൽ മെല്ലെ മെല്ലെ ...പൊഴിയുമീ
ഇതളുകളിൽ
ഹിമകണമായി അധരതീരങ്ങളിൽ,
മധുരവും കാറ്റിൽ മെല്ലെമെല്ലെ ...
ഒരു നാൾ കവിതയായി വന്ന
നീ മൗനങ്ങളിൽ,വാക്കും കാറ്റിൽ മെല്ലെ മെല്ലെ ...

അറിയും ഈ മൊഴികളിൽ നീ പെയ്തൊഴിയുമോ
ഉണരുവാനായി,
മഴയും കാറ്റിൽ മെല്ലെ മെല്ലെ ...



അഭിഷേക് ദീപു


# മിടുക്കൻ...........!!!!

**ആറാം തരത്തിൽ പഠിക്കുമ്പോൾ വെള്ളക്കെട്ടിൽ വീണ ശശിധരൻ എന്നയാളുടെ ജീവിൻ രക്ഷിച്ച് നാട്ടുകാരുടെ എല്ലാം പ്രശംസ ഏറ്റുവാങ്ങിയ ഇപ്പോൾ നമ്മുടെ സ്കൂളിൽ എട്ട് ഏയിൽ പഠിക്കുന്ന ഇൻസാഫിന് ലിറ്റിൽ കൈറ്റ്സ്**

**ഗവ:ടെക്നിക്കൽ ഹൈസ്കൂൾ കൃഷ്ണപുരത്തിന്റെ അഭിനന്ദനങ്ങൾ....................**



# വര



# ഞങ്ങളുടെ പ്രിയപ്പെട്ട സൂപ്രണ്ട്



















ധ്വനി







ധ്വനി മാഗസി







# • ചിത്രകാരന്മാർ



– അദ്വൈത് എസ്

9A



– ആകാശ് രാജ്

10 B



– ദേവനാരായണൻ ബി

10 A



– വൈശാഖ് എ

8 A

മാഗസിൻ ലിറ്റിൽ കൈറ്റ്സ്

# നന്ദി

**ഞങ്ങളുടെ 'ധ്വനി' എന്ന ഡിജിറ്റൽ മാഗസിൻ പൂർത്തിയാക്കാൻ സഹായിച്ച എല്ലാ ഗുരുക്കന്മാർക്കും പ്രിയകൂട്ടുകാർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.......................................**

ധ്വനി മാഗസിൻ ലിറ്റിൽ കൈറ്റ്സ്

ലിറ്റിൽകൈറ്റ്സ്.............

**2019-2020 ബാച്ച്**



# ലിറ്റിൽ കൈറ്റ്സ്

## 2019-2020 ബാച്ച്